## മധുരമായ കുട്ടികളേ – പുണ്യാത്മാവായി മാറുന്നതിനു വേണ്ടി എത്രത്തോളം സാധിക്കുന്നുവോ നല്ല കർമ്മം ചെയ്യൂ, എല്ലാ സേവനങ്ങളും ചെയ്യുന്നവരാകൂ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ

**ചോദ്യം :** ഏതൊരു പരിശ്രമം ചെയ്യുന്നതിലൂടെയാണ് നിങ്ങൾ കുട്ടികൾ കോടിപതികളായി മാറുന്നത് ?
**ഉത്തരം :** ഏറ്റവും വലിയ പരിശ്രമമാണ് വികാരിദൃഷ്ടിയെ നിർവ്വികാരിയാക്കി മാറ്റുക. കണ്ണുകൾ തന്നെയാണ് ഒരുപാട് ചതിക്കുന്നത്. കണ്ണുകളെ നിർവ്വികാരിയാക്കി മാറ്റുന്നതിനുവേണ്ടി ബാബ യുക്തി പറഞ്ഞുതന്നിട്ടുണ്ട്, കുട്ടികളേ, ആത്മീയ ദൃഷ്ടിയിലൂടെ നോക്കൂ. ദേഹത്തെ കാണരുത്. ഞാൻ ആത്മാവാണ്, ഈ അഭ്യാസം ഉറപ്പിക്കൂ, ഈ പരിശ്രമത്തിലൂടെ നിങ്ങൾ ജന്മ-ജന്മാന്തരങ്ങൾക്കായി കോടിപതിയായി മാറും.

**ഗീതം :** ക്ഷമയോടെയിരിക്കൂ മനസ്സേ........

**ഓം ശാന്തി,** ഇതാരാണ് പറഞ്ഞത് ? ശിവബാബ ശരീരത്തിലൂടെ പറഞ്ഞു. ഒരാത്മാവിനും ശരീരമില്ലാതെ പറയാൻ സാധിക്കില്ല. ബാബയും ശരീരത്തിൽ പ്രവേശിച്ചാണ് ആത്മാക്കൾക്ക് മനസ്സിലാക്കിതരുന്നത്– കുട്ടികളെ, ഇപ്പോൾ നിങ്ങളുടേത് ശരീരത്തിന്റെ ബന്ധമല്ല. ഇതാണ് ആത്മീയ സംബന്ധം. ആത്മാവിന് ജ്ഞാനം ലഭിക്കുന്നു– പരംപിതാ പരമാത്മാവിൽ നിന്ന്. ഏതെല്ലാം ദേഹധാരികളുണ്ടോ, എല്ലാവരും പഠിച്ചുകൊണ്ടിരിക്കുകയാണ്. ബാബക്ക് തന്റേതായ ശരീരമില്ല. അതിനാൽ കുറച്ചു സമയത്തേക്കുവേണ്ടി ഈ ബ്രഹ്മാവിന്റെ ആധാരമെടുത്തിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുന്നു സ്വയത്തെ ആത്മാവാണെന്നു നിശ്ചയിച്ചിരിക്കൂ. പരിധിയില്ലാത്ത അച്ഛൻ നമ്മൾ ആത്മാക്കൾക്ക് മനസ്സിലാക്കിതരുന്നു. അവർക്കല്ലാതെ മറ്റാർക്കും മനസ്സിലാക്കിത്തരാൻ സാധിക്കില്ല. ആത്മാവ്, മറ്റൊരാത്മാവിന് എങ്ങനെ മനസ്സിലാക്കികൊടുക്കും. ആത്മാക്കൾക്ക് മനസ്സിലാക്കികൊടുക്കാൻ പരമാത്മാവ് വേണം. അവരെ ആരും അറിയുന്നില്ല. ത്രിമൂർത്തിയിൽ നിന്നു പോലും ശിവനെ മാറ്റിയിരിക്കുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന ആരു ചെയ്യിപ്പിക്കും. ബ്രഹ്മാവാണെങ്കിൽ പുതിയ ലോകത്തിന്റെ രചയിതാവല്ല. എല്ലാവരുടെയും പരിധിയില്ലാത്ത അച്ഛനും രചയിതാവും ഒരു ശിവബാബയാണ്. ബ്രഹ്മാബാബയും ഈ സമയത്ത് നിങ്ങളുടെ അച്ഛനാണ് പിന്നീടായിരിക്കില്ല. അവിടെയാണെങ്കിൽ ലൗകിക അച്ഛൻ മാത്രമാണ്. കലിയുഗത്തിലുള്ളത് ലൗകികവും പാരലൗകികവും. ഇപ്പോൾ സംഗമത്തിൽ ലൗകികവും, അലൗകീകവും, പാരലൗകീകവും മൂന്ന് അച്ഛന്മാരുണ്ട്. ബാബ പറയുന്നു സുഖധാമത്തിൽ എന്നെ ആരും തന്നെ ഓർമ്മിക്കുന്നതേയില്ല. അച്ഛനാണ് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റിയത് പിന്നെന്തിനാണ് നിലവിളിക്കുന്നത് ? അവിടെ വേറെ ഒരു രാജ്യവുമുണ്ടാകില്ല. സൂര്യവംശികൾ മാത്രമെ ഉണ്ടായിരിക്കുകയുള്ളു. ചന്ദ്രവംശികൾ പിന്നീടാണ് വരുന്നത്. ഇപ്പോൾ ബാബ പറയുന്നു കുട്ടികളെ ക്ഷമയോടെയിരിക്കൂ, ബാക്കി കുറച്ചു ദിവസങ്ങൾ മാത്രമെ ഉള്ളു. പുരുഷാർത്ഥം നല്ല രീതിയിൽ ചെയ്യൂ. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നില്ലായെങ്കിൽ പദവിയും ഭ്രഷ്ടമാകും. ഇതു വളരെ വലിയ ലോട്ടറിയാണ്. വക്കീലും, സർജനും, മുതലായവയാകുന്നതും ലോട്ടറി തന്നെയല്ലെ. ധാരാളം ധനം സമ്പാദിക്കുന്നു. അനേകർക്ക് ആജ്ഞ നൽകാൻ സാധിക്കും. ആരാണോ നല്ല രീതിയിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത്, അവർ ഉയർന്ന പദവി പ്രാപ്തമാക്കും. ബാബയെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. ബാബയെ പോലും ഇടക്കിടക്ക് മറന്നു പോകുന്നു. മായ ഓർമ്മയെ ഇല്ലാതാക്കുന്നു. ജ്ഞാനം മറപ്പിക്കുന്നില്ല. ബാബ പറയുന്നുമുണ്ട് തന്റെ ഉന്നതിയ്ക്കായി ചാർട്ട് വെക്കൂ– മുഴുവൻ ദിവസത്തിലും ഒരു പാപ കർമ്മവും ചെയ്തില്ലല്ലോ ? ഇല്ലായെങ്കിൽ നൂറു മടങ്ങ് പാപമായി മാറും. യജ്ഞത്തെ സംരക്ഷിക്കുന്നവർ ഇരിക്കുന്നുണ്ട്, അവരുടെ നിർദേശ പ്രകാരം ചെയ്യൂ. പറയാറുമുണ്ട് എന്തു കഴിപ്പിക്കുന്നുവോ, എവിടെ ഇരുത്തുന്നുവോ...... അതിനാൽ വേറെ എല്ലാം ആശകളെയും ഉപേക്ഷിക്കണം. ഇല്ലായെങ്കിൽ പാപം വർദ്ധിച്ചുകൊണ്ടിരിക്കും. ആത്മാവ് എങ്ങനെ പവിത്രമായി മാറും. യജ്ഞത്തിൽ ഒരു പാപകർമ്മവും ചെയ്യരുത്. ഇവിടെ നിങ്ങൾ പുണ്യാത്മാവായി മാറുകയാണ്. മോഷണവും പിടിച്ചുപറിയും നടത്തുന്നത് പാപമല്ലേ. ഇതെല്ലാം തന്നെ മായയുടെ പ്രവേശനമാണ്. ഇങ്ങനെയെല്ലാം ചെയ്താൽ യോഗത്തിലും ഇരിക്കാൻ സാധിക്കില്ല, ജ്ഞാനത്തിന്റെ ധാരണയും ഉണ്ടാകില്ല. തന്റെ ഹൃദയത്തോടു ചോദിക്കണം–നമ്മൾക്ക് അഥവാ അന്ധരുടെ ഊന്നുവടിയാകാൻ സാധിച്ചില്ലെങ്കിൽ പിന്നെ എന്തായിത്തീരാനാണ്! അന്ധരെന്നുതന്നെയല്ലെ പറയുന്നത്. ധൃതരാഷ്ട്രരുടെ മക്കളെന്ന് ഈ സമയത്തെ മഹിമയാണ്. രാവണരാജ്യത്തിലുള്ളവരാണ്. നിങ്ങൾ സംഗമത്തിലാണ്. രാമരാജ്യത്തിലാണെങ്കിൽ സുഖം പ്രാപ്തമാക്കുന്നവരാണ്. പരംപിതാ പരമാത്മാ എങ്ങനെ സുഖം നൽകുന്നു, എന്നത് ആരുടെയും ബുദ്ധിയിൽ വരുന്നില്ല. എത്രതന്നെ നല്ല രീതിയിയിൽ മനസ്സിലാക്കികൊടുത്താലും ബുദ്ധിയിൽ ഇരിക്കുന്നില്ല.

സ്വയത്തെ എപ്പോഴാണോ ആത്മാവാണെന്ന് മനസ്സിലാക്കുന്നത് അപ്പോൾ പരമാത്മാവിന്റെ ജ്ഞാനവും മനസ്സിലാകും. ആത്മാവു ഏതുരീതിയിലുള്ള പുരുഷാർത്ഥമാണോ ചെയ്യുന്നത്, അതുപോലെയായി മാറുന്നു. ഇങ്ങനെ പറയാറുണ്ട് അവസാന സമയം ആരാണോ തന്റെ പത്നിയെ സ്മരിക്കുന്നത്.......ബാബ പറയുന്നു ആര് എന്നെ ഓർമ്മിക്കുന്നുവോ അവർക്ക് എന്നെ ലഭിക്കും. ഇല്ലായെങ്കിൽ ഒരുപാടൊരുപാട് ശിക്ഷകൾ അനുഭവിക്കേണ്ടി വരും. സത്യയുഗത്തിലുമില്ല, ത്രേതായുഗത്തിന്റെയും അവസാനം വരും. സത്യയുഗം– ത്രേതായുഗത്തെ പറയുന്നത്– ബ്രഹ്മാവിന്റെ പകൽ. ഒരു ബ്രഹ്മാവായിരിക്കില്ല, ബ്രഹ്മാവിനാണെങ്കിൽ ഒരുപാടു കുട്ടികളുണ്ടല്ലോ. ബ്രാഹ്മണരുടെ പകലിനുശേഷം ബ്രാഹ്മണരുടെ രാത്രിയായിരിക്കും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് രാത്രിയിൽ നിന്ന് പകലാക്കി മാറ്റാൻ. ബ്രാഹ്മണർ തന്നെയാണ് പകലിലേക്ക് പോകാൻ തയ്യാറാകുന്നത്. ബാബ എത്രയാണ് മനസ്സിലാക്കി തരുന്നത്, ദൈവീക ധർമ്മത്തിന്റെ സ്ഥാപന തീർച്ചയായും ഉണ്ടാകുക തന്നെ വേണം. കലിയുഗത്തിന്റെ വിനാശവും തീർച്ചയായും ഉണ്ടാകണം. എന്തെങ്കിലും ഉള്ളിൽ സംശയമുളളവരാണെങ്കിൽ അവർ ഓടി പോകും. ആദ്യം നിശ്ചയം പിന്നീട് സംശയമുണ്ടാകുന്നു. ഇവിടെ നിന്ന് മരിച്ച് പിന്നീട് പഴയ ലോകത്തിൽ തന്നെ ചെന്നു ജന്മമെടുക്കുന്നു. അവരുടെ നാശം സംഭവിക്കുന്നു. ബാബയുടെ ശ്രീമത്തിലൂടെ മുന്നേറുക തന്നെ വേണമല്ലോ. വളരെ നല്ല– നല്ല പോയിന്റുകൾ കുട്ടികൾക്ക് നൽകുന്നു.

ആദ്യമാദ്യം മനസ്സിലാക്കികൊടുക്കൂ– നിങ്ങൾ ആത്മാവാണ്, ദേഹമല്ല. ഇല്ലായെങ്കിൽ ലോട്ടറി മുഴുവൻ നഷ്ടപ്പെടുന്നു. ഒരുപക്ഷെ അവിടെ രാജാവും പ്രജയുമെല്ലാം സുഖിയായാണ് കഴിയുന്നതെങ്കിലും ഉയർന്ന പദവി നേടാനുളള പുരുഷാർത്ഥം ചെയ്യണമല്ലോ. സുഖധാമത്തിലേക്കെന്തായാലും പോകുമല്ലോ എന്നൊരിക്കലും ചിന്തിക്കരുത്. ഉയർന്ന പദവി പ്രാപ്തമാക്കണം, രാജാവായിമാറാനാണ് വന്നിരിക്കുന്നത്. ഇങ്ങനെയുള്ള വിവേകശാലികളായ കുട്ടികളും വേണം. ബാബയുടെ സേവനം ചെയ്യണം. ആത്മീയ സേവനമില്ലെങ്കിൽ സ്ഥൂലമായ സേവനവുമുണ്ട്. ചില സ്ഥലങ്ങളിൽ പരുഷൻമാരും ക്ലാസുകൾ നടത്തികൊണ്ടിരിക്കാറുണ്ട്. ഒരു സഹോദരി ഇടക്കിടക്ക് പോയി ക്ലാസ്സെടുക്കുന്നു. വൃക്ഷം പതുക്കെ –പതുക്കെ അഭിവൃദ്ധി പ്രാപിച്ചു വരികയല്ലെ. സെന്ററുകളിലേക്ക് എത്ര പേരാണ് വരുന്നത് പിന്നീട് മുന്നോട്ടു പോകവെ അപ്രത്യക്ഷമാകുന്നു. വികാരത്തിലേക്ക് വീഴുന്നതിലൂടെ പിന്നീട് സെന്ററിലേക്ക് വരാൻ ലജ്ജതോന്നും. പിന്നീട് അയഞ്ഞവരായി മാറുന്നു. ഇവർക്ക് അസുഖമായി എന്ന് പറയും. ബാബ എല്ലാ കാര്യങ്ങളും മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു. തന്റെ കണക്കുപുസ്തകം(ചാർട്ട്) ദിവസവും വെയ്ക്കൂ. ശേഖരണമുണ്ടാവുകയും ഇല്ലാതാവുകയും ചെയ്യുന്നു. ലാഭവും നഷ്ടവും. ആത്മാവ് പവിത്രമായി മാറി അർത്ഥം 21 ജന്മത്തേക്ക് ശേഖരിച്ചു. ബാബയുടെ ഓർമ്മയിലൂടെ മാത്രമെ ശേഖരണമുണ്ടാകൂ. പാപം ഇല്ലാതാകും. പറയാറുമുണ്ടല്ലോ–അല്ലയോ പതിതപാവനനായ ബാബാ വന്ന് നമ്മളെ പാവനമാക്കി മാറ്റൂ. വന്ന് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റൂ എന്നൊരിക്കലും പറയില്ല. ഇതു നിങ്ങൾ കുട്ടികൾക്കു മാത്രമെ അറിയുകയുള്ളു– മുക്തിയും ജീവൻമുക്തിയും രണ്ടും പാവനധാമമാണ്. ആര് പൂർണ്ണരീതിയിൽ പഠിക്കുന്നില്ലയോ അവർ അവസാനം വരുന്നു. സ്വർഗ്ഗത്തിലേക്ക് വരുകതന്നെ വേണം, എല്ലാവരും അവനവന്റെ സമയമനുസരിച്ചു വരും. എല്ലാ കാര്യങ്ങളും മനസ്സിലാക്കിതരുന്നു. ഇത് പെട്ടെന്ന് ആർക്കും മനസ്സിലാകില്ല. ഇവിടെ നിങ്ങൾക്ക് ബാബയെ ഓർമ്മിക്കാൻ എത്ര സമയമാണ് ലഭിക്കുന്നത്. ആരെല്ലാം വരുന്നുവോ അവർക്ക് ഇത് പറഞ്ഞുകൊടുക്കൂ ആദ്യം സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. എല്ലാ ആത്മാക്കളുടെയും പിതാവ് തന്നെയാണ് ഈ ജ്ഞാനം നൽകുന്നത്. ആത്മ– അഭിമാനിയായി മാറണം. ആത്മാവാണ് ജ്ഞാനം എടുക്കുന്നത്, പരമാത്മാവായ പിതാവിനെ ഓർമ്മിക്കുന്നതിലൂടെതന്നെയാണ് വികർമ്മങ്ങൾ വിനാശമാകുന്നത് പിന്നീട് സൃഷ്ടിയുടെ ആദി–മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു. രചയിതാവിനെ ഓർമ്മിക്കുന്നതിലൂടെ പാപം ഭസ്മമാകും. പിന്നീട് രചനയുടെ ആദി–മദ്ധ്യ– അന്ത്യത്തിന്റെ ജ്ഞാനത്തെ മനസ്സിലാക്കുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായി മാറും. ഇതുതന്നെ പിന്നീട് മറ്റുള്ളവർക്കും കൂടി കേൾപ്പിക്കണം. ചിത്രവും നിങ്ങളുടെ കൈയ്യിലുണ്ട്. ഇത് മുഴുവൻ ദിവസവും ബുദ്ധിയിലുണ്ടാകണം. നിങ്ങൾ വിദ്യാർത്ഥികളല്ലെ. ഒരുപാട് ഗൃഹസ്ഥികളും വിദ്യാർത്ഥികളായിരിക്കും. നിങ്ങൾക്കും ഗൃഹസ്ഥവ്യവഹാരത്തിലിരുന്നു കൊണ്ട് താമര പുഷ്പത്തിനു സമാനമായി മാറണം. സഹോദരീ– സഹോദരന് ഒരിക്കലും വികാരി ദൃഷ്ടിയുണ്ടാകാൻ സാധിക്കില്ല. നമ്മൾ ബ്രഹ്മാമുഖവംശാവലികളല്ലെ. വികാരിയെ നിർവ്വികാരിയാക്കി മാറ്റാൻ ഒരുപാടു പരിശ്രമം ചെയ്യേണ്ടതായുണ്ട്. പകുതികൽപത്തിലെ ശീലമാണ്, അതിനെ മാറ്റാൻ ഒരുപാട് പരിശ്രമമുണ്ട്. എല്ലാവരും എഴുതാറുണ്ട് ബാബ മനസ്സിലാക്കി തന്നിട്ടുള്ള ക്രിമിനൽ ദൃഷ്ടിയെ ഇല്ലാതാക്കാനുള്ള പോയിന്റ് വളരെ കടുത്തതാണ്. ഇടക്കിടക്ക് ബുദ്ധി പോകുന്നു. ഒരുപാടു സങ്കല്പങ്ങളെല്ലാം വരുന്നു. കണ്ണുകളെ എന്തു ചെയ്യണം ? സൂർദാസിന്റെ ഉദാഹരണം നൽകുന്നു. അതൊരു കഥയുണ്ടാക്കിയിരിക്കുകയാണ്. കണ്ണുകൾ ചതിക്കുന്നു എന്നു കണ്ടപ്പോൾ കണ്ണുകൾ എടുത്തുകളഞ്ഞു. ഇപ്പോൾ അങ്ങനെയൊന്നുമില്ല. ഈ കണ്ണുകൾ എല്ലാവർക്കുമുണ്ട് എന്നാൽ വികാരിയാണ്, അതിനെ നിർവ്വികാരിയാക്കി മാറ്റണം. വീട്ടിൽ ഇരുന്നുകൊണ്ട്, ഇതുനടക്കില്ല എന്ന് മനുഷ്യർ മനസ്സിലാക്കുന്നു.

ബാബ പറയുന്നു സംഭവ്യമാണ് എന്തുകൊണ്ടെന്നാൽ നേട്ടം ഒരുപാടൊരുപാടാണ്. നിങ്ങൾ ജന്മ ജന്മാന്തരങ്ങൾക്കു വേണ്ടി കോടി പതിയായി മാറുന്നു. ഇന്നത്തെ കാലത്തെ കോടിപതികൾക്ക് ബാബ എന്ന പേരു നൽകുന്നു. നിങ്ങൾ അളവറ്റ രീതിയിൽ കോടിപതിയായി മാറുന്നു. അവിടെ എണ്ണാറേയില്ല. എപ്പോഴാണോ നോട്ടും– പൈസയുമെല്ലാം ഇറങ്ങുന്നത് അപ്പോഴാണ് എണ്ണുന്നത് . അവിടെയാണെങ്കിൽ സ്വർണ്ണത്തിന്റെയും– വെള്ളിയുടെയും നാണയങ്ങളാണ് പ്രചാരമുള്ളത്. മുമ്പെല്ലാം രാമന്റെയും – സീതയുടെയും രാജ്യത്തിലെ നാണയങ്ങളാണ് ലഭിച്ചിരുന്നത്. ബാക്കി സൂര്യവംശി രാജ്യത്തിന്റെ നാണയങ്ങൾ ഒരിക്കലും കണ്ടിട്ടില്ല. ചന്ദ്രവംശികളുടെ നാണയങ്ങളാണ് കണ്ടു വന്നത്. ആദ്യമെല്ലാം സ്വർണ്ണത്തിന്റെ തുട്ടുകളായിരുന്നു പിന്നീട് വെള്ളിയുടെ. ഈ ചെമ്പെല്ലാം പിന്നെയാണ് ഇറങ്ങിയത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിൽ നിന്ന് വീണ്ടും സമ്പത്തെടുക്കുകയാണ്. സത്യയുഗത്തിൽ ഏതെല്ലാം ആചാര– രീതികളാണോ ഉണ്ടായിരുന്നത് അത് വീണ്ടും ഉണ്ടാകുക തന്നെ ചെയ്യും. നിങ്ങൾ നിങ്ങളുടെ പുരുഷാർത്ഥം ചെയ്യൂ. സ്വർഗ്ഗത്തിൽ വളരെ കുറച്ചുപേരെ ഉണ്ടാകൂ, ആയസ്സും വലുതായിരിക്കും. അകാല മൃത്യു ഉണ്ടാകുന്നില്ല. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ കാലന്റെ മേൽ വിജയം പ്രാപിക്കുന്നു. മരണത്തിന്റെ പേരുപോലുമില്ല. അതിനെ പറയുന്നതാണ് അമരലോകം, ഇതാണ് മൃത്യുലോകം. അമരലോകത്തിൽ അയ്യോ–അയ്യോ നിലവിളി ഉണ്ടാകുന്നില്ല. സത്യയുഗത്തിൽ വൃദ്ധൻമാർ മരിക്കുകയാണെങ്കിൽ ചെന്ന് ചെറിയ കുട്ടിയായി മാറും എന്ന സന്തോഷമാകും. ഇവിടെയാണെങ്കിൽ മരിക്കുമ്പോഴേക്കും കരയാൻ തുടങ്ങും. നിങ്ങൾക്ക് എത്ര നല്ല ജ്ഞാനമാണ് ലഭിക്കുന്നത്, എത്ര ധാരണ വേണം. മറ്റുള്ളവർക്കും മനസ്സിലാക്കികൊടുക്കേണ്ടി വരും. ബാബയോട് ആരെങ്കിലും പറയുകയാണ് ഞങ്ങൾക്ക് ആത്മീയ സേവനം ചെയ്യാൻ ആഗ്രഹമുണ്ടെന്ന്, ബാബ പറയും ശരി, ചെയ്തോളൂ. ബാബ ആരോടും വേണ്ട എന്നു പറയില്ല. ജ്ഞാനമില്ലെങ്കിൽ പിന്നെ അജ്ഞാനം തന്നെയാണുള്ളത്. അജ്ഞതയാൽ പിന്നീടൊരുപാട് ഡിസ്സർവീസ് ചെയ്യുന്നു. സേവനം നല്ല രീതിയിൽ ചെയ്യണമല്ലോ എന്നാലേ ലോട്ടറി ലഭിക്കുകയുള്ളൂ. വളരെ വലിയ ലോട്ടറിയാണ്. ഇതാണ് ഈശ്വരീയ  ലോട്ടറി. നിങ്ങൾ രാജാവും – റാണിയുമായി മാറുമ്പോൾ നിങ്ങളുടെ മക്കളും– കൊച്ചു മക്കളുമെല്ലാം അനുഭവിച്ചുകൊണ്ടേയിരിക്കും. ഇവിടെയാണെങ്കിൽ ഓരുരുത്തരും തന്റെ കർമ്മമനുസരിച്ചാണ് ഫലം പ്രാപ്തമാക്കുന്നത്. ചിലർ വളരെയധികം ധനം ദാനം ചെയ്യുമ്പോൾ രാജാവായി മാറുന്നു, അതിനാൽ ബാബ കുട്ടികളെ സർവ്വതും മനസ്സിലാക്കിത്തരുന്നു. നല്ല രീതിയിൽ മനസ്സിലാക്കി പിന്നീട് ധാരണ ചെയ്യണം. സേവനവും ചെയ്യണം. കോടിക്കണക്കിന് സേവനമുണ്ട്. ചിലസ്ഥങ്ങളിൽ വളരെ നല്ല ഭക്തിയുടെ ഭാവമുള്ളവർ ഉണ്ടായിരിക്കും. ഒരുപാടു ഭക്തി ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ ജ്ഞാനം ഇഷ്ടപ്പെടുകയുള്ളൂ. മുഖത്തിലൂടെതന്നെ അറിയാൻ സാധിക്കും. കേൾക്കുന്നതിലൂടെതന്നെ ഇഷ്ടപ്പെടാൻ തുടങ്ങും. ആര് മനസ്സിലാക്കുന്നില്ലയോ അവർ അവിടെയും – ഇവിടെയും നോക്കികൊണ്ടേയിരിക്കും അല്ലെങ്കിൽ കണ്ണുകൾ അടച്ചിരിക്കും. ബാബ എല്ലാം കാണുന്നുണ്ട്. ആർക്കും പഠിപ്പിച്ചു കൊടുക്കുന്നില്ലായെന്നുണ്ടെങ്കിൽ അവർ ഒന്നും മനസ്സിലാക്കുന്നില്ല എന്നാണർത്ഥം. ഒരു കാതിലൂടെ കേട്ട് മറു കാതിലൂടെ കളയുന്നു. പരിധിയില്ലാത്ത ബാബയിൽ നിന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കുന്നതിന്റെ സമയമാണിപ്പോൾ. എത്രത്തോളം എടുക്കുന്നുവോ ജന്മ– ജന്മാന്തരവും കല്പ–കല്പാന്തരം ലഭിക്കും. ഇല്ലായെന്നുണ്ടെങ്കിൽ പിന്നീട് ഒരുപാട് പശ്ചാത്തപിക്കും പിന്നീടെല്ലാവർക്കും സാക്ഷാത്കാരം ഉണ്ടാകും. നമ്മൾ മുഴുവൻ പഠിച്ചില്ല അതിനാൽ പദവിയും പ്രാപ്തമാക്കാൻ സാധിച്ചില്ല. പിന്നെ എന്ത് പദവി ലഭിക്കും ? ജോലി–വേലക്കാർ, സാധാരണ പ്രജകൾ. ഇവിടെ രാജധാനി സ്ഥാപിക്കുകയാണ്, എല്ലാം ചെയ്യുന്നതിനനുസരിച്ച്  ഫലവും ലഭിക്കും. പുതിയ ലോകത്തിനുവേണ്ടി നിങ്ങൾ തന്നെയാണ് പുരുഷാർത്ഥം ചെയ്യുന്നത്. മനുഷ്യർ ദാന– പുണ്യങ്ങൾ ചെയ്യുന്നു, അതും ഈ ലോകത്തിലേക്കു വേണ്ടി, ഇത് സാധാരണ കാര്യമാണ്. നമ്മൾ നല്ല കർമ്മം ചെയ്യുകയാണെങ്കിൽ അപ്പോൾ അടുത്ത ജന്മത്തിൽ നല്ല ഫലം ലഭിക്കും. നിങ്ങളുടേത് 21 ജന്മത്തിന്റെ കാര്യമാണ്. എത്രത്തോളം സാധിക്കുന്നുവോ നല്ല കർമ്മം ചെയ്യൂ, എല്ലാ സേവനവും ചെയ്യുന്നവരായി മാറൂ. ജ്ഞാനീ തൂ ആത്മാവിനെയാണ് നമ്പർവൺ എന്നു പറയുന്നത് പിന്നെ യോഗി തൂ ആത്മാവ്. ജ്ഞാനിയും വേണം, പ്രഭാഷണങ്ങൾക്കുവേണ്ടി മഹാരഥികളെ വിളിക്കാറുണ്ടല്ലോ ആര് എല്ലാ പ്രകാരത്തിലെയും സേവനം ചെയ്യുന്നവരുണ്ടോ അവർക്ക് പുണ്യമുണ്ടാകുന്നുണ്ടല്ലോ. വിഷയങ്ങളുണ്ടല്ലോ. യോഗത്തിലിരുന്നുകൊണ്ട് ഏതെങ്കിലും കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ നല്ല മാർക്ക് ലഭിക്കാൻ സാധിക്കും. തന്റെ ഹൃദയത്തോടു ചോദിക്കണം നമ്മൾ സേവനം ചെയ്യുന്നുണ്ടോ ? അതോ വെറും കഴിക്കുകയും, ഉറങ്ങുകയുമാണോ ? ഇവിടെയാണെങ്കിൽ പഠിപ്പ് മാത്രമേയുള്ളൂ വേറെ ഒരു കാര്യവുമില്ല. നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവത, നരനിൽ നിന്ന് നാരായണനായി മാറുന്നു. ഇതൊന്നു മാത്രമാണ് അമരകഥ, മൂന്നാമത്തെ നേത്രത്തിന്റെ കഥ. മനുഷ്യരെല്ലാവരും അസത്യമായ കഥകളാണ് ചെന്ന് കേൾക്കുന്നത്. മൂന്നാമത്തെ നേത്രം ബാബയ്ക്കല്ലാതെ മറ്റാർക്കും നൽകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾക്ക് മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുകയാണ് ഇതിലൂടെയാണ് നിങ്ങൾ സൃഷ്ടിയുടെ ആദി– മദ്ധ്യ– അന്ത്യത്തെ അറിയുന്നത്. ഈ പഠിപ്പിൽ കുമാരനും– കുമാരിമാർക്കും

വളരെയധികം മുന്നോട്ട് പോകണം. ചിത്രവുമുണ്ട്, ആരോടെങ്കിലും ചോദിക്കണം ഗീതയുടെ ഭഗവാൻ ആരാണ് ? മുഖ്യമായ കാര്യം തന്നെ ഇതാണ്. ഭഗവാൻ ഒന്നാണ്, ആരിൽ നിന്നാണോ മുക്തിധാമത്തിന്റെ സമ്പത്ത് ലഭിക്കുന്നത്. നമ്മൾ അവിടെ വസിക്കുന്നവരാണ്, ഇവിടെ വന്നിരിക്കുകയാണ് പാർട്ടഭിനയിക്കാൻ. ഇപ്പോൾ എങ്ങനെ പാവനമായി മാറാനാണ്. പതിത– പാവനൻ ഒരു ബാബയാണ്. മുന്നോട്ടു പോകുമ്പോൾ നിങ്ങളുടെ അവസ്ഥയും വളരെ നല്ലതാകും. ബാബ ഭിന്ന–ഭിന്ന പ്രകാരത്തിലൂടെയാണ് മനസ്സിലാക്കി തന്നുക്കൊണ്ടിരിക്കുന്നത്. ഒന്ന് ബാബയെ ഓർമ്മിക്കണം എന്നാൽ ജന്മ – ജന്മാന്തരത്തിലെ പാപങ്ങൾ ഇല്ലാതാകും. തന്റെ ഹൃദയത്തോടു ചോദിക്കണം– നമ്മൾ എത്ര ഓർമ്മിക്കുന്നുണ്ട് ? ചാർട്ട് വെക്കുക നല്ലതാണ്, തന്റെ ഉന്നതി ചെയ്യൂ. സ്വയം സ്വയത്തിന്റേമേൽ ദയ കാണിച്ച് തന്റെ പെരുമാറ്റം നോക്കികൊണ്ടിരിക്കൂ. അഥവാ നമ്മൾ തെറ്റുകൾ ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ റജിസ്ററർ മോശമാകും, ഇതിൽ ദൈവീക പെരുമാറ്റം വേണം. ഇങ്ങനെ പറയാറുണ്ട് എന്ത് കഴിപ്പിക്കുന്നോ, എവിടെ ഇരുത്തുന്നോ, എന്ത് നിർദേശം നൽകുന്നുവോ അത് ചെയ്യും. നിർദ്ദേശം തീർച്ചയായും ശരീരത്തിലൂടെയല്ലെ നൽകാൻ സാധിക്കുകയുള്ളൂ. സ്വർഗ്ഗത്തിലേക്കുള്ള വഴി, ഈ വാക്ക് നല്ലതാണ്. ഈ വാതിലിൽക്കൂടിയാണ് സ്വർഗ്ഗത്തിലേക്ക് പോകുന്നത്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം–

1. പുണ്യാത്മാവായി മാറുന്നതിനുവേണ്ടി ബാക്കി എല്ലാ ആശകളെയും ഉപേക്ഷിച്ച് ഇത് ഉറപ്പിക്കണം അതായത് ബാബ എന്ത് കഴിപ്പിക്കുന്നുവോ, എവിടെ ഇരുത്തുന്നുവോ...... ഒരു പാപത്തിന്റെ കർമ്മവും ചെയ്യരുത്.

2. ഈശ്വരീയ ലോട്ടറി പ്രാപ്തമാക്കുന്നതിനുവേണ്ടി ആത്മീയ സേവനത്തിൽ മുഴുകണം. ജ്ഞാനത്തിന്റെ ധാരണ ചെയ്ത് മറ്റുള്ളവർക്കും ചെയ്യിപ്പിച്ചുകൊടുക്കണം. നല്ല മാർക്ക് വാങ്ങുന്നതിനുവേണ്ടി ഏതൊരു കർമ്മവും ഓർമ്മയിലിരുന്നു ചെയ്യണം.

## വരദാനം:– മായയെയും പ്രകൃതിയെയും ദാസിയാക്കി മാറ്റുന്ന സദാ സ്നേഹിയായി ഭവിക്കട്ടെ.

ആരാണോ സദാ സ്നേഹികൾ അവർ സ്നേഹത്തിൽ ലീനമായിരിക്കുന്നത് കാരണം പ്രയത്നത്തിൽ നിന്നും ബുദ്ധിമുട്ടിൽ നിന്നും സദാ സുരക്ഷിതരായിരിക്കുന്നു. അവർക്ക് മുമ്പാകെ പ്രകൃതിയും മായയും ഇപ്പോഴേ ദാസിയായി മാറുന്നു, അതായത് സദാ സ്നേഹി ആത്മാക്കൾ അധികാരിയായി മാറുകയാണെങ്കിൽ പ്രകൃതി മായക്ക് ധൈര്യമുണ്ടാകില്ല സദാ സ്നേഹികളുടെ സമയവും സങ്കൽപവും തനിക്കുവേണ്ടി ചെലവാക്കാൻ. അവരുടെ ഓരോ സങ്കൽപവും ഓരോ സമയവും ബാബയുടെ ഓർമ്മക്കും സേവനത്തിനും തന്നെയായിരിക്കും. സ്നേഹീ ആത്മാക്കളുടെ സ്ഥിതിയുടെ മഹിമയാണ്– ഒരു ബാബ രണ്ടാമതാരുമില്ല, ബാബ തന്നെയാണ് ലോകം. അവർ സങ്കൽപം കൊണ്ടുപോലും അധീനരാകില്ല.

## സ്ലോഗൻ:– നോളേജ് ഫുൾ ആകൂ എങ്കിൽ സമസ്യകൾ പോലും മാനസികോല്ലാസം തരുന്ന കളിയുടെ അനുഭവമുണ്ടാകും.

**അവ്യക്ത സൂചനകൾ:– ഇപ്പോൾ ഉത്സാഹത്തിന്റെ അഗ്നിയെ പ്രജ്വലിപ്പിച്ച് യോഗത്തെ ജ്വാലാസ്വരൂപമാക്കി മാറ്റൂ.**

ഈ കലിയുഗീ തമോപ്രധാനമായ ജീർണ്ണിച്ച പഴയ വൃക്ഷത്തെ ഭസ്മമാക്കുന്നതിന് വേണ്ടി സംഘടിത രൂപത്തിൽ ഫുൾ ഫോഴ്സിൽ യോഗജ്വാല പ്രജ്വലിതമാക്കൂ, പക്ഷെ അങ്ങനെയുള്ള ജ്വാലാസ്വരൂപമായ ഓർമ്മ അപ്പോഴേ ഉണ്ടാകൂ എപ്പോഴാണോ ഓർമ്മയുടെ ലിങ്ക് സദാ യോജിപ്പിച്ചിരിക്കുന്നത്. അഥവാ ഇടക്കിടെ ലിങ്ക് മുറിയുകയാണെങ്കിൽ പിന്നെ അതിനെ യോജിപ്പിക്കാൻ സമയവും എടുക്കും പ്രയത്നവും വേണ്ടിവരും മാത്രമല്ല ശക്തിശാലിയാകുന്നതിന് പകരം ദുർബ്ബലരായിപ്പോകും.